**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1641** **20-06-2024 - ൽ മറുപടിയ്ക്ക്**

**ബജറ്റിൽ കൃഷി വകുപ്പിന് അനുവദിച്ച തുക**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</td><td colspan="2">ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ കൃഷി വകുപ്പിനും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സോയിൽ സർവെ, സോയിൽ കൺസർവേഷൻ, കാർഷിക സർവകലാശാല, വെയർഹൗസിംഗ് കോർപറേഷൻ എന്നിവയ്ക്കും എത്ര രൂപയാണ് വകയിരുത്തിയതെന്ന് വ്യക്തമാക്കാമോ;</td><td>(എ)</td><td>1) കൃഷി വകുപ്പ്<br><br>2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ കൃഷി വകുപ്പിന് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><td>ക്രമ നം.</td><td>ശീർഷകം</td><td>വകയിരുത്തിയ തുക (രൂപ ലക്ഷത്തിൽ)</td></tr>
<tr><td>1</td><td>പ്ലാൻ</td><td>80621.00</td></tr>
<tr><td>2</td><td>നോൺ പ്ലാൻ</td><td>120111.27</td></tr>
<tr><td></td><td>ആകെ</td><td>200732.27</td></tr>
</table>
<br>2) മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്<br><br>2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന് 3916 ലക്ഷം രൂപ വകയിരുത്തിയിരുന്നു.<br><br>3) കേരള കാർഷിക സർവ്വകലാശാല<br><br>2023-24 സാമ്പത്തിക വർഷത്തേയ്ക്ക് സർവ്വകലാശാലയ്ക്ക് ലഭ്യമായ പദ്ധതി വിഹിതം 75 കോടി രൂപയാണ്.<br><br>4) കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ<br><br>2023-24 സാമ്പത്തിക വർഷം വെയർഹൗസിംഗ് കോർപ്പറേഷന് 110 ലക്ഷം രൂപ വകയിരുത്തി.</td></tr>
<tr><td>(ബി)</td><td>അതിൽ എത്ര തുക അനുവദിച്ചു; എത്ര തുക ചെലവഴിച്ചു; ഏതൊക്കെ പദ്ധതികൾക്കാണ് ചെലവഴിച്ചത്; പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ ഇനം തിരിച്ച് വ്യക്തമാക്കുമോ?</td><td>(ബി)</td><td>1) കൃഷി വകുപ്പ്<br><br>കൃഷി വകുപ്പിന്റെ 2023-24 സാമ്പത്തിക വർഷം പദ്ധതി ഇനത്തിൽ ബഡ്ജറ്റിൽ ആകെ അനുവദിച്ച തുക 80621.00ലക്ഷം രൂപയും അകെ ഭരണാനുമതി</td></tr>
</table>

നൽകിയത് 54733.267 ലക്ഷം രൂപയും, ചിലവഴിച്ചത് 51043.591ലക്ഷം രൂപയും ആകുന്നു .

വാർഷിക പദ്ധതി ആയതിനാൽ എല്ലാ പദ്ധതികളും പൂർത്തീകരിച്ചു.

പദ്ധതി ഇനത്തിലുള്ള ചെലവുകളുടെ പട്ടിക **അനുബന്ധം-1** ആയി ചേർക്കുന്നു.

2) **മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്**

2023-24 സാമ്പത്തിക വർഷം ബജറ്റിൽ വകുപ്പിന് അനുവദിച്ചുകിട്ടിയ 2934.25ലക്ഷം രൂപയിൽ 2252.07477 ലക്ഷം രൂപ വിനിയോഗിച്ചു. വിവിധ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. അധിക ധനാനുമതിയായി ലഭിച്ച പശ്ചിമഘട്ടത്തിന്റെ സംയോജിത വികാസം – പരിസ്ഥിതി സംരക്ഷണവും, ജൈവവൈവിധ്യങ്ങളുടെ പുനസ്ഥാപനവും, പ്രകൃതി വിഭവങ്ങളുടെ പരിപാലനവും എന്ന (2551-01-104-99) ശീർഷകത്തിലെ 0.564 ലക്ഷം രൂപയും ചെലവഴിച്ചു. 2024-25 സാമ്പത്തിക വർഷം ടി പദ്ധതി പ്രവർത്തനങ്ങൾ തുടർന്നു വരുന്നു. പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു.

**3) കേരള കാർഷിക സർവ്വകലാശാല**

2023-24 സാമ്പത്തിക വർഷത്തേക്ക് സർവ്വകലാശാലക്ക് ലഭ്യമായ പദ്ധതി വിഹിതം 75 കോടി രൂപയാണ്. ഭരണാനുമതി ലഭ്യമായ പദ്ധതി പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ സർവ്വകലാശാലക്ക് അനുവദിച്ചിട്ടുണ്ട്. 2023-24 വർഷത്തെ ചെലവ് 10 കോടി രൂപയാണ്. 2023-24 സാമ്പത്തിക വർഷത്തെ ചെലവ് ഘടകങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-3 ആയി ചേർക്കുന്നു.

**4) കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ**

1. 110 ലക്ഷം രൂപയിൽ 58.30 ലക്ഷം രൂപ അനുവദിച്ചു.
2. ടി അനുവദിച്ച തുക 58.3 ലക്ഷം രൂപയും ചെലവഴിച്ചു.
3. കോർപ്പറേഷനിലെ ഗോഡൗൺ നിർമ്മാണ ത്തിനും സി.സി.റ്റി.വി സ്ഥാപിക്കുന്നതിനുമായി 53 ലക്ഷം രൂപ, 5.3 ലക്ഷം രൂപ യഥാക്രമം ചെലവഴിച്ചു.

| | | | |
|---|---|---|---|
| | | | 4. ഗോഡൗൺ നിർമ്മാണം പുരോഗതിയിലാണ്. സി.സി.റ്റി.വി സ്ഥാപിക്കൽ പദ്ധതി പൂർത്തീകരിച്ചു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

**കൃഷി വകുപ്പ്**

| പദ്ധതിയിനത്തിൽ ഉൾപ്പെട്ട പദ്ധതികളുടെ പട്ടിക (PLAN) - 2023-24 | | | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | പദ്ധതിയുടെ പേരും ശീർഷകവും | (ലക്ഷത്തിൽ) | | | |
| | | ആദ്യ ബഡ്ജറ്റ് വിഹിതം | പുതുക്കിയ ബഡ്ജറ്റ് വിഹിതം | അനുവദിച്ച തുക | ചെലവ് |
| 1 | നെൽകൃഷി വികസനം 2401-00-102-90 | 9510.00000 | 6233.65000 | 6181.5 | 5700.66251 |
| 2 | കൃഷി വകുപ്പ് മുഖേന പച്ചക്കറി വികസനം 2401-00-119-85 | 7045.00000 | 4919.40000 | 4578.50753 | 4501.24818 |
| 3 | പച്ചക്കറി വികസനം VFPCK ക്കുള്ള ധനസഹായം 2401-00-119-81 | 2300.00000 | 1790.00000 | 1495.00 | 1495.00000 |
| 4 | നാളികേര വികസനം 2401-00-103-87 | 6895.00000 | 5261.86000 | 4481.64737 | 3974.16312 |
| 5 | സുഗന്ധ വ്യഞ്ജനങ്ങളുടെ വികസനം 2401-00-108-59 | 460.00000 | 374.50000 | 299.00 | 298.93888 |
| 6 | വിള വൈവിധ്യവൽക്കരണം, വിളതീവ്രത, അവതരണം 2401-00-103-75 | 300.00000 | 237.84000 | 194.97850 | 186.30404 |
| 7 | പഴ വർഗ്ഗങ്ങൾ, പൂക്കൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസനം 2401-00-119-79 | 1892.00000 | 1848.89000 | 1407.07938 | 1201.65443 |
| 8 | മണ്ണിന്റെ ആരോഗ്യ പരിപാലനവും ഉല്പാദന ക്ഷമത വർധിപ്പിക്കലും 2401-00-800-28 | 550.00000 | 379.96000 | 357.50 | 348.71067 |
| 9 | വിള ആരോഗ്യ പരിപാലനം 2401-00-107-78 | 1300.00000 | 1161.61000 | 947.46510 | 741.77557 |
| 10 | ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും 2401-00-105-85 | 600.00000 | 390.00000 | 370.51371 | 344.58120 |
| 11 | കൃഷി ഫാമുകൾ മുഖേന ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനം വർധിപ്പിക്കൽ 2401-00-104-91 | 1425.00000 | 1330.15000 | 954.09746 | 763.68420 |
| 12 | ഡിപ്പാർട്ട്മെന്റ് ഫാമുകളിലെ അടിസ്ഥാനസൗകര്യ വികസനവും സ്പെഷ്യൽ ഫാമുകളിലെ യന്ത്രവൽക്കരണവും 4401-00-104-98 | 300.00000 | 200.00000 | 130.00 | 113.46958 |

| | | | | | |
|---|---|---|---|---|---|
| 13 | കൃഷി വകുപ്പിന്റെ ലബോറട്ടറികൾ ആധുനികരിക്കൽ 2401-00-105-86 | 400.00000 | 372.63000 | 250.25395 | 231.92497 |
| 14 | കാർഷിക വിജ്ഞാന വ്യാപനം 2401-00-109-80 | 3028.00000 | 2143.00000 | 1934.08958 | 1566.97466 |
| 15 | കാർഷിക വിജ്ഞാനവും വിനിമയവും 2401-00-109-84 | 600.00000 | 463.58000 | 388.43042 | 378.84803 |
| 16 | മാനവശേഷി വികസനം 2415-01-277-98 | 335.00000 | 249.16000 | 217.51101 | 216.12423 |
| 17 | കാർഷിക സേവന കേന്ദ്രങ്ങളും സേവനം എത്തിക്കലും 2401-00-113-83 | 1181.00000 | 1124.07000 | 762.45461 | 753.63981 |
| 18 | കാർഷിക സേവന കേന്ദ്രങ്ങളും സേവനം എത്തിക്കലും 4401-00-113-98 | 800.00000 | 185.06000 | 257.29565 | 129.98841 |
| 19 | പുനരാവിഷ്കരിച്ച സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി 2401-00-110-82 | 3000.00000 | 3000.00000 | 1949.99950 | 1943.03825 |
| 20 | പ്രകൃതി ക്ഷോഭം നേരിടുന്നതിനുള്ള അടിയന്തിര നടപടി 2401-00-800-91 | 750.00000 | 750.00000 | 487.46074 | 394.30030 |
| 21 | കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ള പദ്ധതി 2401-00-119-78 | 1700.00000 | 1697.91000 | 1104.96856 | 1001.62956 |
| 22 | ഓഫീസ് ആട്ടോമേഷനും ഐ.റ്റി സാങ്കേതിക വിദ്യയും 2401-00-001-86 | 575.00000 | 531.31000 | 360.69691 | 321.32836 |
| 23 | വിപണി വികസനം 2435-01-800-99 | 1290.00000 | 878.42000 | 804.26354 | 688.72682 |
| 24 | വില സ്ഥിരതക്ക് വേണ്ടി വിപണിയിൽ ഇടപെടൽ 2435-01-101-85 | 2825.00000 | 2755.38000 | 2718.15936 | 2108.34383 |
| 25 | കേരള ഫാം ഫ്രഷ് പഴം പച്ചക്കറി അടിസ്ഥാനവില പദ്ധതി 2401-00-119-77 | 0.00000 | 69.62000 | 69.61323 | 0.00000 |
| 26 | ഹോർട്ടികോർപ്പിനുള്ള ഓഹരി മൂലധനം 4401-00-190-97 | 100.00000 | 65.00000 | 65.00 | 65.00000 |
| 27 | കേരള സംസ്ഥാന വെയർ ഹൗസിങ് കോർപറേഷന് ഗോഡൗൺ നിർമ്മാണത്തിനും അഗ്രി കോംപ്ലക്സ് നിർമ്മാണത്തിനും ധനസഹായം 4408-02-101-98 | 100.00000 | 53.00 | 53.00 | 53.00 |
| 28 | കേരള സംസ്ഥാന വെയർ ഹൗസിങ് കോർപറേഷൻ ഓഹരി മൂലധനം 4408-02-190-99 | 0.00000 | 29.90000 | 9.25 | 4.90000 |
| 29 | കേരള സംസ്ഥാന വെയർ ഹൗസിങ് കോർപറേഷന് കംപ്യൂട്ടറൈസേഷന് ധനസഹായം 2408-02-190-98 | 10.00000 | 10.00000 | 5.3 | 5.30000 |
| 30 | മൂല്യ വർദ്ധനവ് വിളവെടുപ്പിന് ശേഷമുള്ള | 2000.00000 | 1851.23000 | 1292.34213 | 1131.05429 |

| | | | | | |
|---|---|---|---|---|---|
| | പരിപാലനവും 2435-01-800-94 | | | | |
| 31 | ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനം (RIDF) 4435-01-101-97 | 1000.00000 | 3526.47608 | 3526.47608 | 3402.08795 |
| 32 | അന്തർദേശീയ കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രം, കുട്ടനാട് (IRTCBSF) 2415-01-004-88 | 25.00000 | 61.00000 | 61.00 | 61.00000 |
| 33 | കർഷക ക്ഷേമനിധി ബോർഡ് 2401-00-109-76 | 100.00000 | 100.00000 | 100.00 | 100.00000 |
| 34 | കൃഷിയിടാസൂത്രണാധിഷ്ഠിത ഉൽപ്പാദന പരിപാടികൾ ഉൽപ്പാദന പൂർവ്വ പിന്തുണ ഉൾപ്പെടെ - 2401-00-104-67 | 1200.00000 | 780.00000 | 779.90667 | 763.87490 |
| 35 | ഉത്പാദക സംഘടനകളുടെ വികസനത്തിനും സാങ്കേതിക വിദ്യാ പിന്തുണക്കുമുള്ള പദ്ധതി - 2401-00-109-56 | 650.00000 | 549.22000 | 416.75304 | 351.06221 |
| 36 | കൃഷിയിടാസൂത്രണാധിഷ്ട്ടിത സമീപനവുമായി സംയോജിപ്പിച്ച് വിതരണ / മൂല്യശൃംഗല വികസനത്തിനായുള്ള പദ്ധതി - 2401-00-111-97 | 500.00000 | 302.26000 | 315.00 | 176.65204 |
| | **ആകെ - സംസ്ഥാനം** | **54671.00** | **45648.09** | **39326.51403** | **35650.851** |
| | **<u>കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>** | | | | |
| 1 | ദേശീയ ബയോഗ്യാസ് വികസന പദ്ധതി 2810-00-105-99 | 150.00 | 150.00 | 0 | 0.00 |
| 2 | കാർഷിക വിജ്ഞാന വ്യാപനത്തിനുള്ള ഉപമിഷൻ (SMAE) - (60% CSS) Central Share | 25800.00 | 28987.69 | 15406.753 | 15392.74 |
| | കാർഷിക വിജ്ഞാന വ്യാപനത്തിനുള്ള ഉപമിഷൻ (SMAE) - (40% CSS) State share | | | | |
| 3 | കൃഷി ഉന്നതി യോജനയിൽ ഉൾപ്പെട്ട പദ്ധതികൾ (60% CSS) Central Share | | | | |
| | കൃഷി ഉന്നതി യോജനയിൽ ഉൾപ്പെട്ട പദ്ധതികൾ (40% CSS) State share | | | | |
| | **ആകെ - കേന്ദ്രം** | **25950.00** | **29137.69** | **15406.753** | **15392.74** |
| | **ആകെ മൊത്തം** | **80621.00** | **74785.77608** | **54733.267** | **51043.591** |

**അനുബന്ധം-2**

**മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്**

| ക്രമ നമ്പർ | പദ്ധതിയുടെ പേരും ശീർഷകവും | ബജറ്റ് വിഹിതം (ലക്ഷം രൂപ) | അനുവദിച്ച് കിട്ടിയ തുക (ലക്ഷം രൂപ) | 2023-24 ൽ ചെലവഴിച്ച തുക (ലക്ഷം രൂപ) |
|---|---|---|---|---|
| 1 | മണ്ണ് പര്യവേക്ഷണ ഉദ്യോഗസ്ഥർക്ക് പരിശീലനം (2402-00-101-89 പദ്ധതി) | 12 | 8.85 | 7.99 |
| 2 | ലബോറട്ടറീസ് (2402-00-101-90 പദ്ധതി) | 220 | 217.17 | 198.8 |
| 3 | സോയിൽ ഇൻഫർമാറ്റിക്സ് & പബ്ലിക്കേഷൻ സെൽ (2402-00-101-86 പദ്ധതി) | 90 | 89.12 | 78.54 |
| 4 | നീർത്തട അടിസ്ഥാനത്തിൽ മണ്ണ് ജല സംരക്ഷണം (RIDF) (2402-00-102-86 പദ്ധതി) | 2000 | 1472.3 | 1303.77 |
| 5 | ശുദ്ധജല സംഭരണികളുടെ വൃഷ്ടി പ്രദേശത്തെ മണ്ണ് ജല സംരക്ഷണം (2402-00-102-88 പദ്ധതി) | 65 | 53.8 | 47.28 |
| 6 | മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ (2402-00-102-87 പദ്ധതി) | 400 | 315.56 | 184.25 |
| 7 | മണ്ണ് സംരക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥർക്കും മറ്റുള്ളവർക്കുമുള്ള പരിശീലന പദ്ധതി (2402-00-102-85 പദ്ധതി) | 100 | 73.75 | 30.3 |
| 8 | മണ്ണ് സംരക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥർക്കും മറ്റുള്ളവർക്കുമുള്ള പരിശീലന പദ്ധതി (4402-00-101-96 പദ്ധതി) | 50 | 32.5 | 0 |
| 9 | വിവര സാങ്കേതികവിദ്യയുടെ ഉപയോഗം, അവലോകനവും വിലയിരുത്തലും (2402-00-102-81 പദ്ധതി) | 50 | 32.5 | 20.52 |
| 10 | സോയിൽ മ്യൂസിയം (2402-00-101-83 പദ്ധതി) | 20 | 19.6 | 19.36 |

| | | | | |
|---|---|---|---|---|
| 11 | ഭൂമിയുടെ തരംതിരിവ് സംബന്ധിച്ച ഡാറ്റാബാങ്ക് സൃഷ്ടിക്കൽ (2402-00-101-82 പദ്ധതി) | 9 | 5.85 | 4.14 |
| 12 | ജലാശയങ്ങളുടെയും നീരുറവകളുടെയും പുനരുജ്ജീവനം (2402-00-102-78 പദ്ധതി) | 200 | 158.24 | 93.54 |
| 13 | സൂക്ഷ്മ നീർത്തടാധിഷ്ഠിത വികസനം (2402-00-102-77 പദ്ധതി) | 400 | 260 | 97.16 |
| 14 | നബാർഡിന്റെ നിഡ (NIDA) സാമ്പത്തിക സഹായത്തിൽ തളിപ്പറമ്പ് നിയോജക മണ്ഡലത്തിലെ സമഗ്ര നീർത്തട വികസന പദ്ധതി (2402-00-102-76 പദ്ധതി) | 300 | 195 | 166.43 |
| | **ആകെ** | **3916** | **2934.25** | **2252.08** |
| | പശ്ചിമഘട്ടത്തിന്റെ സംയോജിത വികസനം (2551-01-104-99 പദ്ധതി) | 0.57 | | 0.564 |

**അനുബന്ധം-3**

**കാർഷിക സർവ്വകലാശാല**

| **ഘടകങ്ങൾ** | **ജി.ഒ. (ആർ.ടി.) നം1210./2023/കൃഷി തിയ്യതി16.12.2023 ഉത്തരവ് പ്രകാരം അനുവദിച്ച ബജറ്റ്** (Rupees in Lakhs) | **അനുവദിച്ച തുക (ലക്ഷം)** | **ചെലവ്** (Rupees in Lakhs) | **വിനിയോഗം** (%) |
|---|---|---|---|---|
| **2415-01-277-99-36(General Non Salary)** | | | | |
| **വിദ്യാഭ്യാസം** | 1075.00 | 160.00 | 160.00 | 100% |
| **ഗവേഷണം** | 4225.00 | 650.00 | 650.00 | |
| **വിജ്ഞാന വ്യാപനം** | 1000.00 | 160.00 | 160.00 | |
| **ഇ- ഭരണം** | 100.00 | 15.00 | 15.00 | |
| **വിദ്യാർത്ഥിക്ഷേമം** | 100.00 | 15.00 | 15.00 | |
| Sub Total | **6500.00** | **1000.00** | **1000.00** | |
| **2415-01-277-99-35 (Creation of Capital Assets)** | | | | |
| **അടിസ്ഥാന സൗകര്യ വികസനം** | 1000.00 | 000.00 | 000.00 | |
| Sub Total | **1000.00** | **000.00** | **000.00** | |
| **ആകെ തുക** | **7500.00** | **1000** | **1000** | 100% |

**ഘടകങ്ങൾ തിരിച്ചുള്ള പദ്ധതികളുടെ പുരോഗതി** (2023-24)

പ്ലാൻ പദ്ധതികൾക്ക് ആദ്യ ഗഡുവായി 160 ലക്ഷം രൂപ അനുവദിച്ചത് വിവിധ കോളേജുകളിലേക്കായി പ്രയോജനപ്പെടുത്തി. അനുവദിച്ച 160 ലക്ഷം രൂപയിൽ 53 ലക്ഷം റാവെ പദ്ധതിക്കും 13 ലക്ഷം ബിരുദാനന്തര ബിരുദ ഗവേഷണ വിദ്യാർത്ഥികൾക്കുള്ള സാമ്പത്തിക സഹായത്തിനും ഗവേഷണ ഗ്രാന്റിനും വേണ്ടിയാണ് നൽകിയത്. ബിരുദ പ്രോഗ്രാം ശക്തിപ്പെടുത്തുന്നതിനായി 52 ലക്ഷം രൂപയും ബിരുദാനന്തര ബിരുദ പ്രോഗ്രാം ശക്തിപ്പെടുത്തുന്നതിനായി 11 ലക്ഷം രൂപയും അനുവദിച്ചു. Experiential Learning Programme നായി 16 ലക്ഷം രൂപയും വിദ്യാഭ്യാസ വിഭാഗം ശക്തിപ്പെടുത്തുന്നതിനായി 2 ലക്ഷം രൂപയും ലൈബ്രറിക്കായി 10 ലക്ഷം രൂപയും അനുവദിച്ചു.

2023-24 ലെ സംസ്ഥാന പദ്ധതികൾക്കായി 4225 ലക്ഷം രൂപയുടെ പദ്ധതികള്ക്കുള്ള അംഗീകാരം ലഭ്യമാവുകയും ആദ്യഗഡുവായി 650 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. സ്റ്റേഷൻ ഫണ്ടിംഗ് (169.6875 ലക്ഷം), മികവിന്റെ കേന്ദ്രങ്ങൾ (66 ലക്ഷം), വിത്തുംനടീൽ വസ്തുക്കളുടെ ഉത്പാദനം (128.0125 ലക്ഷം), തുടർപദ്ധതികൾ (171.00 ലക്ഷം), എ.ഐ.സി.ആർ. പി (AICRP - 25% സംസ്ഥാന പദ്ധതി വിഹിതം - 100 ലക്ഷം) , സി.എ.എസ്.റ്റി (CAAST) പദ്ധതി (സ്റ്റേറ്റ്ഷെയർ - 15.3 ലക്ഷം) എന്നീ ഗവേഷണ മേഖലകളിലായാണ് തുക അനുവദിച്ചത്. രണ്ടാം ഗഡു തുക അനുവദിക്കാത്തതിനാല് പുതിയ പദ്ധതികളൊന്നും ആരംഭിക്കാന് കഴിഞ്ഞിട്ടില്ല. 2022-23 വർഷത്തിൽ എന്നതു പോലെ 2023-24 ലും മിക്കവാറും എല്ലാ ഗവേഷണ പദ്ധതികളും ഒന്നിലധികം കേന്ദ്രങ്ങളിലായി ഒന്നിലധികം ശാസ്ത്രജ്ഞരുടെ പങ്കാളിത്തത്തോടെ നെറ്റ്‌വർക്ക് മാതൃകയിലാണ് നടപ്പാക്കിവരുന്നത്.

കൃഷിയും കലയുമായുള്ള ബന്ധത്തെ കുറിച്ചുള്ള പഠനത്തിന് 10 ലക്ഷം രൂപ വകയിരുത്തി. പരിശീലന പരിപാടികൾ പ്രദർശനങ്ങൾ, ലഘു വീഡിയോകൾ തുടങ്ങിയ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്കായി 45 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി. ബാലരാമപുരം നാളികേര ഗവേഷണ കേന്ദ്രത്തിൽ നാളികേര മ്യൂസിയം സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപയും വെള്ളായണി കാർഷിക കോളേജിൽ അഗ്രി ബിസിനസ് ഇൻക്യുബേറ്റർ സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപയും വകയിരുത്തി. മിത്ര പരാദമായ ട്രൈക്കോഡെർമ്മയുടെ ഉത്പാദനം കാർഷിക സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളിൽ ആരംഭിക്കുന്നതിനായി 10 ലക്ഷം രൂപ അനുവദിച്ചു.

2023-24 സാമ്പത്തികവർഷം പ്ലാൻ ഫണ്ട് ഇനത്തിൽ മുൻവർഷങ്ങളിൽ തുടർന്നു വരുന്നതുമായ പദ്ധതിക്കായി 100 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു.